ധനമന്ത്രി കോഴിക്കോട്ടു നടത്തിയ പത്രസമ്മേളനത്തിന്റെ പത്രക്കുറിപ്പ്

2016 ഡിസംബർ 31

## 60 കഴിഞ്ഞ എല്ലാവർക്കും പെൻഷൻ; മാസംതോറും 100 രൂപ കൂട്ടും

# അർഹതപ്പെട്ട ആർക്കും ക്ഷേമപ്പെൻഷൻ നഷ്ടമാവില്ല: ധനമന്ത്രി

അർഹരായ ആർക്കും ക്ഷേമപ്പെൻഷൻ നഷ്ടമാവില്ലെന്നു ധനമന്ത്രി തോമസ് ഐസക്ക് പറഞ്ഞു. അർഹരായ ആർക്കെങ്കിലും ഇപ്പോൾ കിട്ടാതെവന്നിട്ടുണ്ടെങ്കിൽ അവർക്കു മുൻകാലപ്രാബല്യത്തോടെ അതു നൽകുമെന്നും അദ്ദേഹം ഉറപ്പുനൽകി. ഇതേച്ചൊല്ലി ആർക്കും പരിഭ്രാന്തി വേണ്ട. "ഏതെങ്കിലുമൊരു പെൻഷൻ ഉറപ്പാക്കി അറുപതു കഴിഞ്ഞ എല്ലാവരെയും സാമൂഹികസുരക്ഷാവലയിൽ കണ്ണിചേർക്കുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ലക്ഷ്യം. ആയിരം രൂപയായി വർദ്ധിപ്പിച്ച പെൻഷൻ വർഷംതോറും നൂറു രൂപവീതം ഉയർത്തുകയും ചെയ്യും." അദ്ദേഹം വിശദീകരിച്ചു.

രണ്ടുതരം ക്ഷേമപ്പെൻഷനുകളാണു സംസ്ഥാനത്തുള്ളത്. സർക്കാർ നേരിട്ടു നൽകുന്ന വയോജന, വിധവ, വികലാംഗ, കർഷകത്തൊഴിലാളി പെൻഷനുകളാണ് ഒന്ന്. ഇത്തരം പെൻഷൻ വാങ്ങുന്നവർ ഇന്ന് 39.24 ലക്ഷം പേരാണ്. കെട്ടിടനിർമ്മാണം, കയർ, മത്സ്യം, ആർട്ടിസാൻ തുടങ്ങിയ രംഗങ്ങളിലെ തൊഴിലാളികൾക്കായി അതതു ക്ഷേമനിധികളിൽനിന്നു നൽകുന്ന പെൻഷനാണു രണ്ടാമത്തേത്. ഇതു വാങ്ങുന്നവർ 10.3 ലക്ഷം പേരും. മൊത്തം 49.5 ലക്ഷം പേർ.

എന്നാൽ, കേരളത്തിൽ 60 വയസു കഴിഞ്ഞവർ ആകെ 43 ലക്ഷമേ ഉള്ളൂ. ഇവരിൽ കേന്ദ്ര സംസ്ഥാന സർക്കാർ പെൻഷൻ വാങ്ങുന്നവർ, ആദായനികുതി നൽകുന്നവർ, ഒരു ഹെക്ടറിൽ കൂടുതൽ ഭുമിയുള്ളവർ തുടങ്ങിയവർ നിയമപ്രകാരം ക്ഷേമപ്പെൻഷന് അർഹരല്ല. ഇവരെക്കൂടി മാറ്റിയാൽ അർഹതയുള്ളവരുടെ എണ്ണം 35 ലക്ഷത്തോളമേ വരൂ.

ഇതിനേക്കാൾ 14 ലക്ഷം കൂടുതൽ പേർ പെൻഷൻ വാങ്ങുന്നുണ്ട് എന്നർത്ഥം. പലരും ഒന്നിലേറെ പെൻഷനുകൾ വാങ്ങുന്നുമുണ്ട്.

ഇതിൽ അനർഹരെയും ഒന്നിലധികം പെൻഷൻ വാങ്ങുന്നവരെയും ഒഴിവാക്കി കൃത്യത വരുത്തിയാലേ അർഹരായ ബാക്കിയുള്ളവരെ കണ്ടെത്തി അവർക്കുകൂടി പെൻഷൻ നൽകി സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കാനും പെൻഷൻതുക വർദ്ധിപ്പിക്കുവാനും കഴിയൂ എന്നു ധനമന്ത്രി വ്യക്തമാക്കി. ഇതനുസരിച്ചുള്ള പരിശോധനകൾ നടന്നു വരികയാണ്. പല ഏജൻസികൾ നൽകിവരുന്ന പെൻഷനുകൾ പൊതു വിവരസഞ്ചയത്തിൽ ആക്കുകയാണിപ്പോൾ. ഇതു പൂർത്തിയായാൽ മാസാമാസം കൃത്യമായി പെൻഷൻ നൽകാനാകും.

അനർഹരെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കഴിഞ്ഞ ഓണകാലത്തു പ്രഖ്യാപിച്ചതാണ്. വികലാംഗപ്പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു ക്ഷേമപ്പെൻഷനുകൂടി അർഹതയുണ്ടെങ്കിൽ അതു വാങ്ങുന്നതിനു തടസമില്ല. തൊഴിലാളികൾ അംശദായം അടയ്ക്കുന്ന ക്ഷേമനിധികൾ സ്വന്തം ഫണ്ടിൽനിന്നു പൂർണ്ണമായും നൽകുന്ന പെൻഷൻ കിട്ടുന്നവർക്കും ഈ ഇളവുണ്ട്. നിലവിൽ ക്ഷേമപ്പെൻഷനു പുറമെ ഏതെങ്കിലുമൊരു കേന്ദ്രപെൻഷൻ ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് സംസ്ഥാനപെൻഷനു പുറമെ കേന്ദ്രപെൻഷനിലെ കേന്ദ്രവിഹിതം തുടർന്നും ലഭിക്കും. മറ്റെല്ലാവർക്കും ഒരു പെൻഷനു മാത്രമേ അർഹത ഉണ്ടാവൂ.

സംസ്ഥാനസർക്കാർ നേരിട്ടു നൽകുന്ന 39.24 ലക്ഷം പെൻഷൻകാരിൽ 33.59 ലക്ഷം പേരുടെ പെൻഷൻ പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു വിതരണം നടത്തിവരികയാണ്. ബാക്കിയുള്ളവരുടെയെല്ലാം റദ്ദാക്കി എന്ന പത്രവാർത്ത തെറ്റാണ്. ഇവരിൽ 4.35 ലക്ഷം പേർ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവർക്ക് ഇപ്പോൾ പെൻഷൻ നൽകിയിട്ടില്ലെന്നേയുള്ളൂ. രേഖകൾ ഹാജരാക്കിയാൽ പരിശോധിച്ച് അർഹരാണെന്നു കണ്ടാൽ മുൻകാലപ്രാബല്യത്തോടെ പെൻഷൻ നൽകും.

ഇതുവരെ പരിശോധിച്ചതിൽ 82000 ഇരട്ടിപ്പുകൾ കണ്ടെത്തി. അനർഹരായി 27000 പേരെയാണു കണ്ടത്. ഇപിഎഫ് പെൻഷൻകാർ 22000 പേരുണ്ട്. ഇവർക്ക് തുടർന്നും ക്ഷേമപെൻഷൻ നൽകുന്നതിനുള്ള തീരുമാനവും എടുക്കും. കൂടാതെ അർഹതയുള്ള ആരെങ്കിലും അബദ്ധത്തിൽ ഒഴിവാക്കപ്പെട്ടാൽ അവർക്ക് അർഹത ചൂണ്ടിക്കാട്ടി ആക്ഷേപം നൽകാം. രേഖകൾ ഇല്ലാത്തവരുടെ കാര്യത്തിൽ ഭൗതികപരിശോധന നടത്താം. കൂടുതൽ പേരുണ്ടെങ്കിൽ അദാലത്തുകളും ആലോചിക്കും.

തിരിച്ചറിയൽ രേഖയും ഒരു സത്യപ്രസ്താവനയുമാണ് രേഖകളായി ആശ്യപ്പെട്ടിട്ടുള്ളത്. കയർ, മത്സ്യത്തൊഴിലാളി ക്ഷേമനിധികളാണു രേഖകൾ പൂർണ്ണമായി ഹാജരാക്കിയത്. ചില ബോർഡുകൾ ഭാഗികമായി നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം ഉടൻ പൂർത്തിയാക്കും. അടുത്ത സാമ്പത്തികവർഷം മുതൽ പെൻഷൻ വിപുലപ്പെടുത്തും.

“യുഡിഎഫ് കാലത്തെപ്പോലെ അഞ്ഞൂറോ അറുനൂറോ രൂപയാണെങ്കിൽ രണ്ടു പെൻഷൻ വേണമെങ്കിലും നൽകാം. പക്ഷേ, മാന്യമായ തുക നൽകുമ്പോൾ അതു പറ്റില്ല. കഴിഞ്ഞ ഓണത്തിന് 40,000 രൂപവരെ കിട്ടിയവരുണ്ട്. ഇത് ക്രമപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന മിച്ചം ലാഭമായി എടുക്കാനല്ല, കൂടുതൽപേർക്കു പെൻഷൻ നൽകാനും പെൻഷൻതുക കൂട്ടാനുമായാണ് ഉപയോഗിക്കുക.” തോമസ് ഐസക്ക് പറഞ്ഞു. കൂടുതൽ തുക പെൻഷൻ വേണമെന്നുള്ളവർക്ക് പൂർണ്ണ സൗജന്യമല്ലാത്ത, കോൺ)ട്രിബ്യൂട്ടറി രീതിയിലുള്ള പെൻഷൻ പദ്ധതി ആലോചിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.